പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 689 — 28.09.2011-ൽ മറുപടിയ്ക്ക്

## കാൻസർ ചികിത്സ - അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) കാൻസർ ചികിത്സാ മേഖലയ്ക്ക് അർഹമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കാൻസർ ചികിത്സയ്ക്കാവശ്യമായ എല്ലാവിധ അത്യാധുനിക ചികിത്സാ സൗകര്യങ്ങളുമുണ്ട്. തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിൽ കാൻസർ രോഗ നിർണ്ണയത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമുള്ള അത്യാധുനിക സൗകര്യങ്ങൾ ലഭ്യമാണ്. 10 കോടി രൂപ മുടക്കി ഒരു ലിനിയർ ആക്സിലറേറ്റർ സ്ഥാപിക്കാനും മജ്ജ മാറ്റി വയ്ക്കൽ ചികിത്സ ആരംഭിക്കാനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. സംസ്ഥാനത്തെ അഞ്ചു മെഡിക്കൽ കോളേജുകളിലും കാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ്. കോട്ടയം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായി ലിനിയർ ആക്സിലറേറ്റർ സ്ഥാപിക്കുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു.<br>ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എറണാകുളം ജനറൽ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ് നിലവിലുണ്ട്. ഇതിന്റെ വികസനത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഓങ്കോളജി വകുപ്പിന്റെ വികസനത്തിന് വേണ്ടി കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ടോ; | (ബി) യും (സി) യും | കേന്ദ്രസർക്കാരിന്റെ ദേശീയ കാൻസർ നിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മലബാർ കാൻസർ സെന്ററിൽ ടെലികോബോൾട്ട് മെഷിൻ സ്ഥാപിക്കുന്നതിന് 1.50 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആർ.സി.സി.യിൽ 2006-2008 കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നും 1225 ലക്ഷം രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് കേന്ദ്ര ഗവൺമെന്റ് മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ചെലവഴിക്കുന്നത്. |
| (സി) | പ്രസ്തുത ഫണ്ട് എങ്ങനെയാണ് ചെലവഴിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ